(ബി) ആശുപത്രി വികസന സമിതികളുടെ കീഴിൽ എട്ട് മണിക്കൂറും അതിനു മുകളിലും പണിയെടുക്കുന്ന ഈ ജീവനക്കാർക്ക് സർക്കാർ മേഖലയിൽ പണിയെടുക്കുന്ന ദിവസവേതനക്കാരുടെ ശമ്പളത്തിന് തുല്യമായ വേതനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) വർക്ക്‌ലോഡനുസരിച്ച് വേതനം നൽകിയാൽ മതിയെന്ന ആശുപത്രി വികസന സമിതിയുടെ തീരുമാനമനുസരിച്ച് സർക്കാർ അംഗീകരിച്ച 140 രൂപ ദിവസവേതനത്തിനുപകരം കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിലെ ലാബ് ടെക്നീഷ്യന് 100 രൂപയേ ദിവസവേതനം നൽകുന്നുള്ളൂ. ഈ വേതനം സർക്കാർ നിരക്കിലാക്കുവാൻ വേണ്ട തീരുമാനമെടുക്കേണ്ടത് ആശുപത്രി വികസന സമിതിയാണ്.

ആരോഗ്യ വകുപ്പിൽ പാർട്ട്ടൈം സ്വീപ്പർമാരുടെ നിയമനത്തിന്റെ മാനദണ്ഡം

123 [5912] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ പാർട്ട്ടൈം സ്വീപ്പർമാരുടെ നിയമനത്തിനായി ജില്ലാതലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെലക്ഷൻ കമ്മിറ്റി അംഗങ്ങളുടെ പേരുവിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഇത്തരത്തിലുള്ള നിയമനത്തിനുള്ള മാനദണ്ഡമെന്തായിരുന്നു; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെലക്ഷൻ കമ്മിറ്റി അംഗങ്ങളുടെ ജില്ല തിരിച്ചുള്ള പേരുവിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.†

(സി) കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്. ജി. ഒ. (എം എസ്.) 291/01/ആ. കു. വ. തീയതി 13-11-2001 ജി. ഒ. (എം. എസ്.) 141/02/ആ. കു. വ. തീയതി 21-6-2002.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഇത്തരത്തിലുള്ള നിയമനങ്ങൾ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (എം എസ്) 302/96/ആ. കു. വ. തീയതി 14-8-1996 പ്രകാരം നടത്തിയിരുന്നു. (കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.)†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly